

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH
Vol. 13 No.7 Newsletter July 2015



"യഹോവ നല്ലവൻ എന്ന് രുചിച്ചറിവിൻ;
അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ." സങ്കീ. 34:8

# അഭിനന്ദനങ്ങൾ

## വാർത്തകൾ



കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & സേഫ്റ്റി യുടെ ഡയറക്ടറായി നിയമിതയായ **ബി. നീന**. കേരളത്തിലെ ആദ്യത്തെ വനിതാ ഡിസ്ട്രിബ്യൂഷൻ ഡയറക്ടർ. പരേതരായ എൽ. ബാലഗുരു സോമന്റെയും, തങ്കം സോമ ന്റെയും മകൾ. ഭർത്താവ്: പരേതനായ ഡോ. റ്റി. ജസു കുമാർ. മകൻ: സാമുവൽ ജസു കുമാർ. (Fly. No: 1586)



ചവറ ഗവൺമെന്റ് കോളേജിൽ പ്രിൻസിപ്പളായി നിയമിത നായ **ഡോ. റ്റി.സി. കിഷോർ മോഹൻ**. കേരള സർവ്വക ലാശാല ബോട്ടണി ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, സയൻസ് ഫാക്കൽറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തി ച്ചിട്ടുണ്ട്. ഭാര്യ: പത്മ കിഷോർ (അസിസ്റ്റന്റ് രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി). മക്കൾ: ഡോ. നീതു കിഷോർ, നീന കിഷോർ.



സിംഗപ്പൂർ നന്യാംഗ് ടെക്നോ ളജിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും കമ്പ്യൂട്ടർ എൻജിനീയ റിങ്ങിൽ പിഎച്ച്ഡി നേടിയ **നീതു റോബിൻസൺ**.
പിതാവ്: റോബിൻസൺ
മാതാവ്: ഡോ. ഗീത



**ആൻ രേഷ്മ സതീഷ്**
CBSE - Full A1 10 points
പിതാവ്: സതീഷ് കുമാർ
മാതാവ്: ലിന്റ വിൻസെന്റ്
Fly. No: 1543, പി.റ്റി.പി. നഗർ



**ആഭാ. ജെ**
CBSE - Full A1 10 points
പിതാവ്: അജിത് പ്രസാദ് രാജ്. എച്ച്.എൽ
മാതാവ്: ജോളി റ്റി.എൽ
Fly. No: 1874, ആരാമം,
ടി.കെ.ഡി. റോഡ്, പട്ടം



**അഭിഷേക് മോസസ്. എസ്**
ICSE - 93%
പിതാവ്: റവ. സി.ആർ. വിൻസെന്റ്
മാതാവ്: സുമം വിൻസെന്റ്
എൽ.എം.എസ്. കോമ്പൗണ്ട്



**ജെഷുവ എച്ച്.**
ICSE - 96.83%
പിതാവ്: ഹാം സിംഗ്
മാതാവ്: ഡോ. സി. വലർനധി
Fly. No: 1771, കനക നഗർ

# CHURCH VOICE

13th year of publication

JULY 2015



CHIEF EDITOR
Rev. T. Selvarajan

EDITOR
R. Sajan Samson

SUB-EDITOR
Manoj Kumar Ebenezer

EDITORIAL BOARD
Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

CIRCULATION MANAGER
Zaem Enock



ADDRESS:
The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :
churchvoice@gmail.com
before 15th of every month

Church Voice can be read online at our website
www.mateermemorialchurch.com

Printed at:
GRACE PRINTERS
Muttada Ph: 2540523


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | 2115678 | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. M. Sam Moses | 2311754 | 9447011754 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



### Gods People - Salt and Light of the world

We Christians claim that we are the People of God, children of God, and the Royal Priests of God and so on. But have we ever thought about the services we ought to bring forth to the world?

We want all the privileges as the Children of God. But as we examine ourselves we find that we are not obeying the Lord our maker, redeemer and judge. God created us and assigned us with various duties and responsibilities. The dos' and dont's are described clearly in the Holy Scripture.

As Children of God, we ought to be useful persons to others. This fact is clearly mentioned in St. Mathew 5:13-16. Here Jesus teaches us about the two qualities people ought to possess. They are:

1) They should become salt to the world.
2) They should become light to the world.

The light and the salt are two essential things in worldly life. How can we become the salt and light of the world as Christians? Let us think.

**1) Christians as the Salt of the World:**

Consider a person who is drinking Rice Soup. The essential factor to be added to the Rice Soup in order to make it tasty is the salt. If salt is not added, the rice soup will neither be delicious nor enjoyable. So this indicates the importance of salt in making the food tasty. If this world can be compared to the soup mentioned earlier, we the People of God should become the salt in it. In other words, we ought to function as the taste makers of this world.

In this world of stress and tensions, our mere presence should become a solace to others. How can this be possible?

We have to refine our lives according to the Holy Scripture. If salt loses its quality, it cannot be any more called salt. Likewise we Christians should possess the qualities of Christ.

Acquiring Christian Qualities is not an easy task. They can be acquired only by being in constant and personal contact with the Lord. As a fish dies as it is taken away from the sea, we can no longer persist to be Christians if we lose the relationship with God.

What taste we can give to this world as the salt of the world? That taste is not a single taste but a cluster of tastes as mentioned in Galatians Chapter 5 verses 22 and 23.

The children of God are expected to give all the nine tastes mentioned there to this world.

Another character of salt is that it cannot give taste unless it is dissolved in the food material. God wants us to humble ourselves. But are we willing to do so? We want to establish our identity in all our deeds. But that is not what the Lord expects from us. We are only a creation. We have to glorify our Creator in all our deeds.

As we kneel down before our maker, let us pray to Him to give us the mind to humble ourselves and produce the good fruits of the Spirit in order to give taste to the society and light to the world.

**2. Christians as light to the world:**

Light is the essential factor in the worldly life which helps us to see. God created the day and the night. At night one cannot see without the help of a lamp.

As we think spiritually, the night can be compared to the life in this world and day to the life in heaven.

We need no artificial light during day time since the sun, the greatest light in the universe lightens the earth. But as night occurs, the sun is hidden, and in its absence, we have to seek lanterns or candles. The largest source of light energy is the sun, and all other worldly sources of light are kindled by the energy derived from the sun.

The Triune God is the sun of Justice. We should be enlightened from this sun and served this world of darkness as lanterns or candles.

Another quality of light is that no declaration is essential to indicate its arrival. We can identify the light right from its very presence. As Christians if we acquire the light of life and Justice, from our Lord, we could be easily identified by the world as the lamps emitting light for the world.

The lights used at night prevents us from stumbling. Likewise in this dark world of sin, there is a chance to stumble over the hurdles in the path of life. In our spiritual lives the Holy Scripture is the lamp to our feet and light to our path. Through this Holy Scripture we lighten ourselves from the Lord and give light to others. We can save ourselves and others from stumbling over the hurdles of sin.

Hence we, the People of God ought to humble ourselves, give the fruits of spirit and light of justice received from our Lord to this world, so that it may become tasty and lightened. Let the Triune God give his grace upon you for the same and bless you, Amen.

**Rev. T. Selvarajan**
Presbyter-in-Charge



Dear friends,

5th July is celebrated as **Stewardship Sunday.** Apostle Paul reminds us Christians that we must regard ourselves as stewards of the mysteries of God. Each of us are accountable to God. The principle of stewardship is closely linked to the concept of Grace; everything comes from God as a gift and it is to be administered faithfully on God's behalf. This includes both stewardship of the resources of time, money, talents and stewardship of the resources of Church and society. Stewardship entails the responsibility of investing whatever: time, talent and treasure God has given us to yield the best returns.

12th July is set apart as **Theological Education Sunday.** Theological educator is God Himself. In the Bible, it is very clearly said that God spoke to men and the message was delivered to the people. God speaks to the theologians through the Word of God. The Word of God is the prime source in ministerial formation. Ministerial formation is saying, doing and living the Message one receives from the Lord. Interpreting God's message according to the context comes from the messenger's experience with God.

**Surveillance Cameras** have been installed in the Church and the Church campus to effectively protect our environment and ensure safety to our life and property. The efforts taken by Er. Joshi Das YS and team to complete the work is commendable. The electrical installation of our **Cemetery Campus** is made exemplary by Er. L. Baby and the support rendered by Dr. Satheesh is quite appreciable. Mr. R. Sajan Samson, Secretary, Gospel Band is taking prayerful efforts to make arrangements for the **Annual Gospel Convention 2015**. Mrs. Pushpa Madan rendered valuable time in purchasing and distributing educational aid for the deserving students in our Church, mission fields, institutions, district and some poor Churches in our Diocese. Under Dr. Arthur Jacob's initiative, the Bible verse writing on the Cemetery road walls had been completed.

Er. Jasper Lal and Er. Rachel Jasper Lal have contributed an amount of Rs.25,000/- to support the studies of an Engineering Student and the amount will be routed through the Youth Fellowship of our Church. They have promised to continue this support every year for a period of five years.

The following aid was extended during the month:

**A. Marriage Aid**

1. Mis. Renju R. B. CSI Chittacode Rs.3000/-
2. Smt. Santha T CSI Malayam Rs.3000/-
3. Smt. Rajam R, CSI Ayanikala Rs.3000/-
4. Sri. Sreedheran CSI Kottampalli Rs.3000/-

**B. Educational aid**

1. Sri. Sherry S. Robert, BD Student
   CSI Nedumkuzhy Rs.5000/-

**C. Poor Help**

1. Rs.10000/- was granted to the wife of Mr. Shaji (Secretary City Mission Field Kothalam)

**D. Church Building Construction**

Rs.100000/- was granted for Construction of Church building in Kandhamal, Diocese of Phulbani, CNI.

Sri. Shaji, Church Secretary of the Kothalam Mission field was called to eternal rest after a period of brief illness and treatment at the Medical College, Trivandrum. He was the pioneer in leading the activities in the mission field. Please do continue to uphold his family members in your regular prayers. We need to raise the required leadership in the mission field.

The construction of the **Church building in the CSI Phulbani Diocese** at Khandamal, Orissa has touched the roof level and they propose to complete the work in 2 months' time. Do pray for this initiative in that area where the Church has met with lot of persecution.

Yours faithfully,

**Dr. Christenson E. Sarasam**

Church Secretary.

## വാർഷിക സുവിശേഷ യോഗം – 2015

നമ്മുടെ സഭയുടെ വാർഷിക സുവിശേഷ യോഗം സെപ്റ്റംബർ 24 മുതൽ 27 വരെ നമ്മുടെ ദേവാലയത്തിൽവെച്ച് നടക്കുന്നതാണ്.

**വെരി. റവ. ഫാ. ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്കോപ്പ** മുഖ്യ പ്രസംഗകനായിരിക്കും. ചർച്ച് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും. ഈ യോഗത്തിന്റെ അനുഗ്രഹത്തിനായി എല്ലാ സഭാംഗങ്ങളുടെയും പ്രാർത്ഥന ആവശ്യപ്പെടുന്നു.

*സെക്രട്ടറി, ഗോസ്പൽ ബാന്റ്*

# കാര്യവിചാരകത്വം: സുതാര്യതയും ഉത്തരവാദിത്വവും

റവ. എ. മനോഹരൻ
(സി.എസ്.ഐ. കുറവൻകോണം)

കാര്യവിചാരകത്വം എല്ലാവർക്കും സുപരിചിതമായ വിഷയമാണ്. എന്നാൽ കാര്യക്ഷമമായി മനസ്സിലാക്കേണ്ട ഒരു പദവുമാണ്. 'കാര്യവിചാരകത്വം' എന്ന പദത്തിന് 'ഗൃഹവിചാരകൻ', 'മറ്റൊരാളിന്റെ സ്വത്ത് അയാളുടെ പേരിൽ നോക്കി നടത്തുന്നയാൾ', 'കാര്യസ്ഥൻ' എന്നിങ്ങനെ അർത്ഥങ്ങളുണ്ട്. അയാൾ ഉടമസ്ഥനല്ല; തൊഴിലാളിയാണ്. അതിനാൽ ഉടമസ്ഥനോട് കണക്ക് ബോധിപ്പിക്കാൻ ബാധ്യസ്ഥനാണ്. ലൂക്കോസ് 19:11-27-ൽ കൊടുത്തിരിക്കുന്ന ഉപമയെ അടിസ്ഥാനമാക്കി ഈ വിഷയം കൂടുതലായി മനസ്സിലാക്കാം.

കുലീനനായ ഒരു മനുഷ്യൻ രാജത്വം പ്രാപിച്ച് വരുന്നതിന് വിദൂരരാജ്യത്തേക്ക് പോകുന്നു. അപ്പോൾ തന്റെ സ്വത്ത് വ്യാപാരം ചെയ്യുന്നതിന് തന്റെ 10 ദാസന്മാരെ ഏൽപ്പിക്കുന്നു. എന്നാൽ ദാസന്മാരിൽ ചിലർ അദ്ദേഹത്തിന്റെ അധികാരത്തെ എതിർക്കുന്നു. അധികാരം പ്രാപിച്ച് തിരിച്ചുവരുന്ന യജമാനൻ തന്റെ വിശ്വസ്ത ദാസന്മാർക്ക് പട്ടണങ്ങളുടെ പേർക്ക് അധികാരം നൽകുന്നു. എതിർത്തവരെ തന്റെ മുമ്പിൽ കൊണ്ടുവന്ന് കൊന്നുകളയാൻ കൽപ്പനയിടുന്നു. ഉപമയിലെ യജമാനൻ 10 ദാസന്മാർക്ക് 10 റാത്തൽ നൽകുന്നതുപോലെ വിവിധങ്ങളായ കഴിവുകളും വിഭവങ്ങളും ദൈവം ഓരോ മനുഷ്യനും നൽകിയിട്ടുണ്ട്. വിഭവങ്ങളുടെ അളവിൽ ഒരുപക്ഷേ വ്യത്യാസം ഉണ്ടായി എന്നുവരാം. വിഭവങ്ങളുടെ അളവിനേക്കാൾ പ്രാധാന്യം അർഹിക്കുന്നത് ഓരോ വ്യക്തിയും വിഭവങ്ങൾ എങ്ങനെ വിനിയോഗിക്കുന്നു എന്നതിലാണ്. ക്രിസ്തീയ കാര്യവിചാരകത്വത്തിന്റെ അടിസ്ഥാനവും ഇതുതന്നെ. കാര്യവിചാരകത്വത്തെക്കുറിച്ച് മൂന്ന് ചിന്തകൾ ശ്രദ്ധിക്കാം.

**1. വിശ്വസ്തവും ബുദ്ധിപൂർവ്വവുമായ കാര്യവിചാരകത്വം വളർച്ചയിലേക്ക് നയിക്കുന്നു (ലൂക്കോ.19:16)**

ലഭ്യമായ വിഭവങ്ങളും കഴിവുകളും വിശ്വസ്തതയോടും ബുദ്ധിപൂർവ്വവും ഉപയോഗിക്കുമ്പോഴാണ് കാര്യവിചാരകത്വം ഫലപ്രദമാകുന്നത്. ഈ ഉപമയിലെ യജമാനൻ തന്റെ 10 ദാസന്മാർക്കായി 10 റാത്തൽ ധനം കൊടുക്കുന്നു. എന്നാൽ 3 ദാസന്മാർ മാത്രമാണ് യജമാനന്റെ തിരിച്ചുവരവിൽ കണക്ക് ബോധിപ്പിക്കുന്നത്. അതിൽ രണ്ട് പേരാണ് വിശ്വസ്തരായി ബുദ്ധിപൂർവ്വം തങ്ങൾക്ക് ലഭിച്ച റാത്തൽ വിനിയോഗിച്ചത്. ലഭിച്ച വിഭവത്തിന്റെ അളവിൽ ആശങ്കപ്പെടാതെ തങ്ങളുടെ കഴിവിനൊത്ത് പ്രവർത്തച്ചതുകൊണ്ടാണ് ഒരാൾക്ക് 10 ഉം ഒരാൾക്ക് 5 ഉം റാത്തൽ കൂടി നേടാൻ കഴിഞ്ഞത്. യജമാനന്റെ അസാന്നിദ്ധ്യത്തിൽ ദാസന്മാർ എപ്രകാരം പ്രവർത്തിക്കുന്നു എന്നത് ഇവിടെ പ്രധാനമാണ്. യജമാനൻ റാത്തലുകൾ കൊടുക്കുന്നു എന്ത് വ്യാപാരം ചെയ്യണമെന്നും എങ്ങനെ ചെയ്യണമെന്നും നിർദ്ദേശം കൊടുക്കുന്നില്ല. ദാസന്മാർക്ക് അവരുടെ ബുദ്ധിക്കും ഭാവനക്കും അനുസരിച്ച് പ്രവർത്തിക്കാനാകും. ഇവിടെയാണ് കാര്യവിചാരകത്വത്തിലെ വിശ്വസ്ത

തയും ഉത്തരവാദിത്ത്വ ബോധവും ഉപയോഗപ്പെടുത്തേണ്ടത്. തങ്ങളുടെ ഉപദേശിക്കാനും നിയന്ത്രിക്കാനു ആവശ്യമായ തിരുത്തലുകൾ നൽകാനും യജമാനന്റെ സാന്നിദ്ധ്യം ഇല്ലാതിരുന്നപ്പോൾ; തങ്ങൾക്ക് ലഭിച്ച ഒരു റാത്തലിൽ പരമാവധി നേട്ടമുണ്ടാക്കാൻ അവരുടെ ബുദ്ധിയും ഉത്തരവാദിത്ത്വവും ഉപയോഗിച്ചു എന്ന് വ്യക്തം. **ലഭ്യമായ വിഭവങ്ങളും കഴിവുകളും പരമാവധി വിശ്വസ്തതയോടും ബുദ്ധിയോടും വിനിയോഗിക്കുമ്പോഴാണ് അത് വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും വളർച്ചയിലേക്ക് നയിക്കുന്നത്.** ദൈവം വിഭവസമ്പന്നമായ ഒരു ലോകത്തെയാണ് സൃഷ്ടിച്ചത്. വിഭവങ്ങളുടെ ഉപയോഗത്തിലെ അവിശ്വസ്തതയും ബുദ്ധിയില്ലായ്മയും നിമിത്തം ഭൂരിപക്ഷം ജനങ്ങളും ദാരിദ്ര്യത്തിലും പട്ടിണിയിലും കഴിയുന്നു. തങ്ങളുടെ വിഭവങ്ങൾ, അവസരങ്ങൾ, കഴിവുകൾ എന്നിവ ശരിയായി വിനിയോഗിക്കാത്തവർ വളർച്ച നേടുന്നില്ല.

**2. സമർത്ഥമായ കാര്യവിചാരകത്വം കൂടുതൽ ഉത്തരവാദിത്ത്വത്തിലേക്ക് നയിക്കുന്നു (ലൂക്കോ.19:17)**

സമർത്ഥമായ കാര്യവിചാരകത്വത്തിന് സുതാര്യതയും ഉത്തരവാദിത്ത്വവും കൂടിയേ തീരൂ. പ്രവർത്തനത്തിൽ പ്രകടിപ്പിക്കുന്ന ആത്മാർത്ഥതയും സാമർത്ഥ്യവും കൂടുതൽ ഉത്തരവാദിത്ത്വങ്ങളിലേക്ക് നയിക്കും. ഓരോ റാത്തൽ വെള്ളിയെ പത്തായി വർദ്ധിപ്പിച്ചവനും അഞ്ചായി വർദ്ധിപ്പിച്ചവനും സാമർത്ഥ്യത്തിൽ ഒരുപോലുള്ളവരല്ല. നമ്മുടെ ജോലി എത്ര വലുതാണ് എത്ര നല്ലതാണ് എന്നല്ല; അതിലുപരി നാം പ്രകടിപ്പിക്കുന്ന ആത്മാർത്ഥത എന്തുമാത്രം എന്നതാണ് യജമാനൻ നോക്കുന്നത്. കൂടുതൽ ആത്മാർത്ഥയ്ക്ക് കൂടുതൽ ഉത്തരവാദിത്വം എന്ന പ്രതിഫലം യജമാനൻ നൽകുന്നു. ഒരു റാത്തൽ പത്തായി വർദ്ധിപ്പിച്ചവനോട് 10 പട്ടണങ്ങൾക്ക് അധിപനായിരിക്കാനും അഞ്ചാക്കിയവനോട് അഞ്ച് പട്ടണത്തിന് അധിപനായിരിക്കാനും യജമാനൻ കൽപ്പിക്കുന്നു. ലഭ്യമായവയെ അത്യൽപ്പമായോ, നിസ്സാരമായോ അവഗണിക്കുകയോ, ത്യജിക്കുകയോ ചെയ്യാത്തവരാണ് ഉത്തരവാദിത്ത്വമുള്ള ഉന്നതസ്ഥാനങ്ങളിലേക്ക് ഉയർത്തപ്പെടുന്നത്.

**3. കാര്യവിചാരകത്വം കണക്ക് ബോധിപ്പിക്കാൻ ബാധ്യസ്ഥരാക്കുന്നു (ലൂക്കോ.19:15)**

ഏത് ജോലിയിലും ജീവനക്കാരൻ തന്റെ മേലുദ്യോഗസ്ഥനോടാ, യജമാനനോടോ കണക്ക് ബോധിപ്പിക്കാൻ ബാധ്യസ്ഥനാണ്. അതുപോലെ, വിഭവങ്ങളുടെ ഉടമസ്ഥനായ ദൈവത്തോട് കാര്യവിചാരകർ കണക്ക് ബോധിപ്പിക്കേണ്ടി വരും. ലൂക്കോ.19:15-ൽ അവൻ രാജത്വം പ്രാപിച്ചു മടങ്ങിവന്നപ്പോൾ താൻ ദ്രവ്യം കൊടുത്തിരുന്ന ദാസന്മാർ വ്യാപാരം ചെയ്ത് എന്തു നേടി എന്നറിയേണ്ടതിന് അവരെ വിളിപ്പാൻ കൽപ്പിച്ചു.' മൂന്ന് പേർ വന്ന് കണക്ക് ബോധിപ്പിച്ചു. ബാക്കി ഏഴ് പേരുടെ കാര്യം ഇവിടെ പറയുന്നില്ല. ഏഴ് പേർ പണവും ലാഭവും കൊണ്ട് പോയതാണോ എന്നും അറിയില്ല. ചില രംഗത്തൊക്കെ ഇത്തരം കാര്യവിചാരകന്മാരെയും കാണാം. കിട്ടിയതും ചിലവഴിച്ചതും നേടിയതുമായ കണക്കുകൾ പോലും ഏൽപ്പിക്കാത്ത കാര്യവിചാരകന്മാർ. ചിലർ കണക്കുകൾ പൂഴ്ത്തുമ്പോൾ ചിലർ വ്യാജ ബില്ലുകളിലൂടെയും കണക്കുകളിലൂടെയും ചെലവുകൾ പെരുപ്പിച്ചു കാട്ടുന്നു. രണ്ടും സുതാര്യതയില്ലായ്മയും അവിശ്വസ്തതയുമാണ്. പുറ.36:2-7-ലെ

സമാഗമന കൂടാര പണിയുടെ ചിത്രം സുതാര്യതയ്ക്കും വിശ്വസ്തതയ്ക്കും പര്യായമാണ്. പണിക്ക് വേണ്ടതിലുമധികമായി ജനം സ്വമേധാ ദാനങ്ങൾ കൊണ്ടുവരുമ്പോൾ 'മതി' എന്ന് മോശ കൽപ്പിക്കുന്നു. ജനം കൊണ്ടുവരുന്നതല്ലേ, വരട്ടെ, മറ്റേതെങ്കിലും കാര്യത്തിനുപയോഗിക്കാം (വക മാറ്റി ചെലവഴിക്കൽ) എന്ന് ചിന്തിക്കുന്നില്ല. ഫിലി.4:15-ൽ അപ്പോസ്തലൻ പറയുന്നത് 'ഫിലിപ്പ്യരെ, സുവിശേഷ ഘോഷണത്തിന്റെ ആരംഭത്തിൽ ഞാൻ മക്കദോന്യയിൽ നിന്ന് പുറപ്പെട്ടപ്പോൾ നിങ്ങൾ മാത്രമല്ലാതെ ഒരു സഭയും വരവ്ചെലവ് കാര്യത്തിൽ എന്നോട് കൂട്ടായ്മ കാണിച്ചിട്ടില്ല.' കർത്താവിൽ പ്രിയരെ, ദൈവത്തിന്റെ കൂട്ടുവേലക്കാരും അവകാശികളുമാക്കി ഉത്തരവാദിത്വങ്ങളും വിഭവങ്ങളും നമ്മെ ഏൽപ്പിച്ചിരിക്കുന്നു. നമ്മെ ഏൽപ്പിച്ചിരിക്കുന്ന എല്ലാ കാര്യങ്ങൾക്കും ദൈവത്തിനും മനുഷ്യനും മുമ്പിൽ നാം കണക്ക് ബോധിപ്പിക്കണം.

ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരായി ദൈവം നമ്മെ നിയമിച്ചിരിക്കുന്നു. കാര്യവിചാരകത്വത്തിലെ നമ്മുടെ പ്രവർത്തനം എപ്രകാരമായിരിക്കുന്നു എന്ന് നാം തന്നെ വിലയിരുത്തുക. യജമാനന്റെ വരവുവരെ കാത്തിരുന്ന് ന്യായവിധിയിലകപ്പെടാതെ തിരുത്താനുള്ള സമയത്ത് തിരുത്തുക. 'നല്ലവനും വിശ്വസ്തനുമായ ദാസനേ, അൽപ്പത്തിൽ വിശ്വസ്തനായിരുന്നു, അധികത്തിന് വിചാരകനാക്കും' എന്ന യജമാനന്റെ പ്രഖ്യാപനം നമ്മുടേതാകണം. **കാര്യവിചാരകത്വത്തിൽ നാം പുലർത്തുന്ന വിശ്വസ്തതയും ബുദ്ധിയും സാമർത്ഥ്യവും എല്ലാം വ്യക്തിജീവിതത്തിൽ മാത്രമല്ല കുടുംബത്തിലും സമൂഹത്തിലും എല്ലാം നന്മയുടെ കിരണങ്ങൾ പരത്തും.** അതിനായി നമുക്കും നമ്മുടെ അവസരങ്ങൾ ഉപയോഗിക്കാം.



# പ്രതിവാര ധ്യാനം

**ജൂലൈ 2015**

ജൂലൈ 05, 2015, ഒന്നാം ഞായർ
വിഷയം: **കാര്യവിചാരകത്വം: സുതാര്യതയും ഉത്തരവാദിത്വവും**
പുറ.36:2-7, സങ്കീ.116:12-19, ഫിലി.4:10-20, ലൂക്കൊ.19:11-27

ജൂലൈ 12, 2015, രണ്ടാം ഞായർ
വിഷയം: **വൈദിക വിദ്യാഭ്യാസം: വിശ്വാസത്തിന്റെ അറിവും പ്രവൃത്തിയും**
പുറ.3:1-12, സങ്കീ.111, 2.തിമൊ.2:1-13, യോഹ.12:20-26

ജൂലൈ 19, 2015, മൂന്നാം ഞായർ
വിഷയം: **ദൈവജനം: ഉപ്പും വെളിച്ചവും**
യെശ.49:1-7, സങ്കീ.27, എഫെ.5:1-5, മത്താ.5:13-16

ജൂലൈ 26, 2015, നാലാം ഞായർ
വിഷയം: **പട്ടത്വ ശുശ്രൂഷ: ക്രിസ്തുവിന്റെ മുറിവടയാളങ്ങളുമായി**
1.ശമൂ.22:12-23, സങ്കീ.56, ഗലാ.6:11-18, യോഹ.21:15-19

# ദൈവജനം : പഴയതും പുതിയതുമായ ഉടമ്പടികളുടെ പശ്ചാത്തലത്തിൽ

ബെഞ്ചമിൻ മോസസ്

ദൈവസൃഷ്ടിയുടെ മകുടമായ മനുഷ്യൻ ദൈവത്തോട് അനുസരണക്കേട് കാണിച്ചതു നിമിത്തം അവനുണ്ടായിരുന്ന ദൈവീക കൂട്ടായ്മ നഷ്ടപ്പെട്ടു. ദൈവം തുടർന്നും സംസാരിച്ചെങ്കിലും അതു ഗണ്യമാക്കാതെ മനുഷ്യർ ദുഷ്ടരായി ജീവിച്ചു. ദൈവത്തെ കണ്ടിട്ടുള്ളവനും, മൂന്നു പ്രധാന ദൂതന്മാരിൽ ഒരുവനുമായിരുന്ന വെളിച്ചങ്ങളുടെ ദൂതനും ദൈവീക ശിക്ഷ നിമിത്തം സാത്താനുമായയവൻ, ദൈവം എന്ന് സ്വയം അഭിനയിക്കുകയും മനുഷ്യനെ വഞ്ചിച്ച് അക്ഷയനായ ദൈവത്തിന്റെ മഹത്വത്തെ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജന്തുക്കൾ എന്നിവയുടെ രൂപ സാദൃശ്യത്തിലാക്കി മാറ്റുകയും ചെയ്തു (റോമ 1:21).

സർവജ്ഞാനിയായ ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരം അബ്രഹാമിനു തേജോമയനായ ദൈവം പ്രത്യക്ഷപ്പെട്ടു വാഗ്ദത്തവും ഉടമ്പടിയും നൽകി. അവനു സന്തതിയില്ലാതിരിക്കെ അവന്റെ സന്തതി അന്യദേശത്തു നാന്നൂറുവർഷം അടിമകളായിരിക്കുമെന്നും, അവൻ സേവിക്കുന്ന ജാതിയെ ദൈവം ന്യായം വിധിക്കുമെന്നും, അവരെ സ്വന്തദേശത്തു മടക്കി കൊണ്ടുവരുമെന്നും വാഗ്ദത്തം ചെയ്തു. പിന്നെ അവനു പരിച്ഛേദന എന്ന ഉടമ്പടി അഥവാ നിയമം കൊടുത്തു (അ പ്ര 7:1.8).

അബ്രഹാമിന്റെ മകനായ യിസഹാക്കിനു ദൈവം നൽകിയ രണ്ടു മക്കളായിരുന്നു ഏശാവും യാക്കോബും. ഇതിൽ ഒരു ഊണിനു ജ്യേഷ്ഠവകാശം വിറ്റു കളഞ്ഞ ഏശാവു ശപിക്കപ്പെട്ടവനാകുകയും ചതിയനായ യാക്കൊബിനെ ദൈവം സ്പർശിച്ച്, രൂപാന്തരപ്പെടുത്തി യിസ്രായേൽ എന്ന പുതിയ പേരും നൽകുകയും ചെയ്തു. ഈ യിസ്രായേലിന്റെ പന്ത്രണ്ടു മക്കളും അവരുടെ തലമുറയുമാണ് യിസ്രായേൽ ജനം

സർവജ്ഞാനിയായ ദൈവം അബ്ഹാമിനോട് പറഞ്ഞതുപോലെ മിസ്രയീമ്യർക്കു അടിമകളായിത്തീർന്ന യിസ്രായേൽ ജനത്തെ മോശെ മുഖാന്തിരം വിടുവിച്ചു, ന്യായപ്രമാണം നൽകി, ശ്രേഷ്ഠജാതി എന്ന പദവിയും നൽകി. ഇനി വിഗ്രഹാരാധന പാടില്ല എന്ന കർശന നിർദ്ദേശവും നൽകി (ആവർ 4). അവരെ രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധജനവും ആക്കുവാനായിരുന്നു ദൈവത്തിന്റെ പദ്ധതി (പുറ 19:5,6). എന്നാൽ വാഗ്ദത്തനാട്ടിലേക്കുള്ള മരുഭൂമി യാത്രയിൽ അവർ ദൈവത്തോട് അനുസരണക്കേടു കാണിച്ചു. പുറപ്പെട്ടവരിൽ യോശുവയും കാലേബും പിന്നെ പുതിയ തലമുറയും മാത്രം കനാൻ ദേശത്തു പ്രവേശിച്ചു. (കൊരി 10:1-10, എബ്ര 3:1-15). ദൈവം യിസ്രായേൽ ജനത്തെ ദൈവജനമായി തിരഞ്ഞെടുത്തത് ജനസംഖ്യയിൽ സകലജാതികളെക്കാളും വലിയതായതുകൊണ്ടല്ല പ്രത്യുത, അവരുടെ പിതാക്കൻമാരായ അബ്രഹാമിനോടും യിസഹാക്കിനോടും യാക്കോബിനോടും ഉള്ള സ്നേഹവും

വാഗ്ദത്തവും നിമിത്തമാണെന്നു ദൈവം അരുളിച്ചെയ്തു (ആവർ 7:6-8; 9:1-7).

ചുരുക്കത്തിൽ ദൈവം മാനവരാശിയെ തന്റെ സ്വന്തജനമായ യിസ്രായേൽ എന്നും ജാതികൾ എന്നും രണ്ടായി വേർതിരിച്ചു. സ്വന്തജനമായ യിസ്രായേലിനു കാലാകാലങ്ങളിൽ പ്രവാചകന്മാർ മുഖാന്തിരം ദൈവത്തോടും ജാതികളോടും ഉണ്ടായിരിക്കേണ്ട മനോഭാവങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകി. നീ ആകാശ സൈന്യമായ സൂര്യനെയും നക്ഷത്രങ്ങളെയും നോക്കി കാണുമ്പോൾ നമസ്കരിപ്പാനും സേവിപ്പാനും വശീകരിക്കപ്പെടരുത്. അവയെ നിന്റെ ദൈവമായ യഹോവ ആകാശത്തിൻ കീഴെങ്ങുമുള്ള സർവ്വജാതികൾക്കും പങ്കിട്ടു കൊടുത്തിരിക്കുന്നു (ആവ 4:19). നീ നീക്കിക്കളവാനിരിക്കുന്ന ജാതികൾ മുഹൂർത്തക്കാരുടെയും പ്രശ്നക്കാരുടെയും വാക്കു കേട്ടു നടന്നു. നീയോ അങ്ങനെ ചെയ്‌വാൻ നിന്റെ ദൈവമായ യഹോവ അനുവദിച്ചിട്ടില്ല (ആവ 18:14). യിസ്രായേൽ ഗൃഹമേ .... ജാതികളുടെ വഴി പഠിക്കരുത് , ആകാശത്തിലെ ലക്ഷണങ്ങൾ കണ്ടു ഭ്രമിക്കരുത്; ജാതികളല്ലോ അവ കണ്ട് ഭ്രമിക്കുന്നത്; ജാതികളുടെ ചട്ടങ്ങൾ മിത്ഥ്യമൂർത്തിയെ സംബന്ധിക്കുന്നു (യിരെ 10:1,2).

യേശു ക്രിസ്തു വന്നത് സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനായിട്ടായിരുന്നു. എന്നാൽ സ്വന്തമായവർ അവനെ സ്വീകരിച്ചില്ല. അവൻ അവർക്കു ഇടർച്ച കല്ലും തടങ്കൽ പാറയുമായിരുന്നു. യേശു പറഞ്ഞു യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കാണ് ദൈവം എന്നെ അയച്ചിരിക്കുന്നത് (മത്താ 15:24). യേശു പന്ത്രണ്ടു ശിഷ്യന്മാരെ അയയ്ക്കുമ്പോഴും അവരോട് പറഞ്ഞത് യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവിൻ എന്നാണ് (മത്താ 10:6). ഇവിടെ നാം ഒരു കാര്യം ശ്രദ്ധിക്കുക, നാം കാണാതെ പോയ ആടുകളല്ല; ഈ തൊഴുത്തിൽ ഉൾപ്പെടാത്ത ആടുകൾ എനിക്കുണ്ട് എന്നു യേശു പറഞ്ഞ ജാതികളായ ആടുകളുടെ കൂട്ടത്തിൽ ഉള്ളവരാണ് (യോഹ 10:16).

സ്വന്തജനം യേശുവിനെ കൊല്ലുവാൻ തീരുമാനിച്ചപ്പോൾ അവരുടെ നേതാക്കൻമാരോട് യേശു പറഞ്ഞു: വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു; ഇതു കർത്താവിനാൽ സംഭവിച്ചു, നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യമായിരിക്കുന്നു എന്നു നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചിട്ടില്ലയോ? അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്നു എടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു (മത്താ 21:33-46). യിസ്രായേൽ ജനത ഒഴികെ മറ്റെല്ലാവരും ജാതികളാണെന്ന് യേശുക്രിസ്തുവിന്റെ ഈ വാക്കുകൾ വ്യക്തമാക്കുന്നു.

യേശു മരിച്ചിട്ട് ഉയർത്തെഴുന്നേറ്റശേഷം തന്റെ ശിഷ്യന്മാരോട് സകല ജാതികളെയും ശിഷ്യരാക്കുവാൻ കല്പിച്ചു. പരിശുദ്ധാത്മാവ് വരുമ്പോൾ നിങ്ങൾ യെരുശലേമിലും, യെഹൂദ്യയിലും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും എന്നു പറഞ്ഞു. പെന്തക്കൊസ്തു പെരുന്നാൾ ദിവസം യേശു ക്രിസ്തുവിന്റെ സഭ ജന്മം കൊണ്ടു. പുതിയ നിയമത്തിന്റെ രക്താത്താൽ സമ്പാദിച്ച ദൈവജനം! (അ.പ്ര. 20:28).

രാജകീയ പുരോഹിത വർഗ്ഗമാകേണ്ടതിനു യേശുക്രിസ്തുവിനാൽ

പണിയപ്പെട്ടു കൊണ്ടിരിക്കുന്നവരുടെ സമൂഹമായ സഭ, തെരഞ്ഞെടുക്കപ്പെട്ട ജാതിയും വിശുദ്ധജനവും സ്വന്തജനവും ആകുന്നു (1 പത്രൊ 2:5-10). മുമ്പെ ദൈവജനമല്ലായിരുന്നവർ ഇപ്പോൾ ദൈവത്തിന്റെ അളവറ്റ കരുണയാൽ ദൈവജനമായി തീർന്നു. ഇതിൽ യേശുവിനെ ക്രിസ്തുവായി സ്വീകരിച്ച യഹൂദനും, ജാതികളായവരും ഉൾപ്പെടുന്നു (കൊരി 10:33). അതുകൊണ്ട് ദൈവ സഭയിൽ മാനുഷിക ജാതി വ്യവസ്ഥയില്ല. നാം തമ്മിൽ ഒരേ ശരീരത്തിന്റെ അവയവങ്ങൾ ആകുന്നു (എഫെ 4:25, 1 കൊരി 10:17).

അങ്ങനെ പുതിയ ഉടമ്പടി പ്രകാരം പെന്തെക്കൊസ്തു നാളിനു ശേഷം ദൈവം മാനവരാശിയെ മൂന്നായി കാണുന്നു. 1. സ്വന്തജനമായ യിസ്രായേൽ 2. യേശുക്രിസ്തുവിന്റെ സ്വന്തരക്തത്താലുള്ള വീണ്ടെടുപ്പ് പ്രാപിച്ചവരുടെ സമൂഹമായ ദൈവസഭ 3. ജാതികൾ. ഏതു ജാതിയിൽപ്പെട്ടവർക്കും യേശുവിന്റെ രക്തത്താലുള്ള വീണ്ടെടുപ്പുമൂലം ദൈവസഭയിൽ അംഗങ്ങളാകുവാൻ ഇപ്പോൾ കഴിയും. ദൈവം ഈ കാലഘട്ടത്തെ സുപ്രസാദ കാലമായും ജാതികളുടെ കാലമായും അനുവദിച്ചിരിക്കുന്നു. ജാതികളുടെ കാലം കഴിയുന്നതു വരെ ജാതികൾ ദൈവത്തിന്റെ വിശുദ്ധനഗരമായ യെരുശലേമിനെ അശുദ്ധമാക്കിക്കൊണ്ടിരിക്കും (ലൂക്കൊ 21:24).

അതുകൊണ്ട് ദൈവജനമാകുവാൻ കൃപ ലഭിച്ച നമ്മോടുള്ള താക്കീത്, ഒലിവു മരമായ യിസ്രായേലിന്റെ ചില കൊമ്പുകൾ ഒടിച്ചിട്ട് കാട്ടൊലിവായ നമ്മെ അതിനോട് ഒട്ടിച്ചുചേർത്തതുപോലെ ഈ തൊഴുത്തിൽ ഉൾപ്പെടാത്ത ആടുകളായ നമ്മുടെ ഇടയനാകുവാൻ യേശുക്രിസ്തുവിനു പ്രസാദം തോന്നി. ആകയാൽ ഞെളിയാതെ ഭയപ്പെടുക, സ്വാഭാവിക കൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കിൽ നിന്നെയും ആദരിക്കാതെ വന്നേക്കും; ആകയാൽ ദൈവത്തിന്റെ ഖണ്ഡിതവും ദയയും കാൺക; വീണവരിൽ ദൈവത്തിന്റെ ഖണ്ഡിതവും നിന്നിലോ നീ ദയയിൽ നിലനിന്നാൽ ദയയും തന്നെ. അല്ലെങ്കിൽ നീ ഛേദിക്കപ്പെടും (റോമർ 11:13-24).

പുതിയ ഉടമ്പടിയിലെ ദൈവജനത്തിന്റെ സവിശേഷതകൾ എന്താണെന്ന് പരിശുദ്ധാത്മിനാൽ അപ്പൊസ്തലമാരായ പത്രോസും പൗലൊസും എഴുതിയിരിക്കുന്നത് നമുക്ക് പരിശോധിക്കാം. വ്യർത്ഥവും പിതൃപാരമ്പര്യ വുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നും വീണ്ടെടുത്തത്... ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ (1 പത്രോ 1:18,19). യിസ്രായേൽ ജനം, ഞങ്ങൾ അബ്രഹാമിന്റെ വംശപാരമ്പര്യത്തിൽ പെട്ടവരാണെന്ന് പ്രശംസിക്കുമ്പോൾ യേശു ക്രിസ്തുവിന്റെ രക്തത്താൽ സ്ഥാപിക്കപ്പെട്ട പുതിയ നിയമപ്രകാരം, വീണ്ടെടുക്കപ്പെട്ടവരുടെ അഥവാ ദൈവജനത്തിന്റെ പ്രശംസ, സ്വന്തം പാരമ്പര്യത്തിലല്ല, വ്യക്തിപരമായി അനുഭവിക്കുന്ന വീണ്ടെടുപ്പിന്റെ സന്തോഷത്തിലാണ്. പുതിയ ഉടമ്പടി പ്രകാരം ദൈവജനമായവരുടെ അഭിമാനവും പ്രശംസയും, കുടുംബമാഹാത്മ്യമോ ജാതി മാഹാത്മ്യമോ സമ്പന്നതയോ പാണ്ഡിത്യമോ അല്ല, പ്രത്യുത യേശുക്രിസ്തു മാത്രമായിരിക്കും.

ഈ പശ്ചാത്തലത്തിൽ പുതിയ ഉടമ്പടി പ്രകാരമുള്ള ദൈവജനത്തെ

എങ്ങനെ തിരിച്ചറിയാം എന്നു വ്യക്തമാക്കുവാൻ യോഹാന്നാന്റെ ഒന്നാമത്തെ ലേഖനം നമ്മെ സഹായിക്കുന്നു.

പുതിയ ഉടമ്പടി പ്രകാരം ദൈവജനമായവർ പാപം ചെയ്തു കൊണ്ടിരിക്കുന്നില്ല. നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നാം സ്വയം വഞ്ചിക്കുകയാണ്. എന്നാൽ നാം അനുദിനം പാപത്തെ അതിജീവിക്കണം. പാപത്തെ ജയിക്കുന്നവനാണ് കിരീടം ലഭിക്കുന്നത്. ദൈവജനത്തിന് പാപത്തെ ലളിതമായി കാണുവാനോ അതിൽ തുടരുവാനോ കഴിയുകയില്ല (1 യോഹ 3:9). യേശുക്രിസ്തു പ്രത്യക്ഷനാകുമ്പോൾ നാം അവനെപ്പോലെയാകുമെന്ന് പ്രത്യാശിക്കുന്നു. എന്നാൽ ഈ പ്രത്യാശയുള്ളവനെല്ലാം യേശുക്രിസ്തു നിഷ്കളങ്കനായി ജീവിച്ചതുപോലെ ജീവിക്കുവാൻ പരിശുദ്ധവചനം, പരിശുദ്ധരക്തം, പരിശുദ്ധാത്മാവ് എന്നീ മൂന്നു അമൂല്യ ദാനങ്ങളാൽ സ്വയം നിർമ്മലീകരിക്കുന്നു (1 യോഹ 3:1-3). അതായത് പുതിയ ഉടമ്പടി പ്രകാരമുള്ള ദൈവജനം വിശുദ്ധിയിൽ നിന്ന് വിശുദ്ധിയിലേക്കു മുന്നേറുന്നു. അങ്ങനെ നാം പാപത്തിൽ തുടരാതെ പാപത്തെ വിട്ടോടി നമ്മെ തന്നെ സൂക്ഷിക്കുന്നു (1 യോഹ 5:18).

പുതിയ ഉടമ്പടി പ്രകാരം ദൈവജനമായവർ പരസ്പരം സ്നേഹിക്കുന്നു (1 യോഹ 4:7). കാരണം അവർ എല്ലാവരും ഒരേ പിതാവിന്റെ മക്കളും, ഒരേ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരും, ഒരേ ശരീരത്തിലെ അവയവങ്ങളും, ഒരേ ആത്മാവിനാൽ നയിക്കപ്പെടുന്നവരുമാണ്. അതുകൊണ്ട് ദൈവജനം മനസ്സലിവ്, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട് അന്യോന്യം പൊറുക്കുവാനും ക്ഷമിക്കുവാനും ദൈവവചനം നമ്മെ ഉപദേശിക്കുന്നു (കൊലൊ 3:12-14).

മിസ്രയീമ്യരുടെ അടിമത്വത്തിൽ നിന്നും വിടുവിക്കപ്പെട്ട ദൈവജനമായ യിസ്രായേൽ ജനം വാഗ്ദത്തനാടായ കനാനിൽ പ്രവേശിപ്പാൻ ഇടയാകാതെ മരുഭൂമിയിൽ മരിച്ചുവീണു. പാപത്തിന്റെ അടിമത്വത്തിലായിരുന്ന ജാതികളായ നമ്മെ ദൈവം സുവിശേഷത്താൽ വിടുവിച്ച് ദൈവജനമാക്കി, ഈ മരുഭൂമി യാത്രയിൽ അത്ഭുതങ്ങളാലും അടയാളങ്ങളാലും നടത്തികൊണ്ടിരിക്കുന്നു. യിസ്രായേൽ ജനത്തെപ്പോലെ ദൈവജനമായിത്തീർന്ന നാമും സുവാർത്ത കേട്ടവരാണ്. എങ്കിലും ആരും അനുസരണക്കേടിന്റെ സമദൃഷ്ടാന്തത്തിനൊത്തവണ്ണം ഈ മരുയാത്രയിൽ വീണുപോകാതിരിക്കേണ്ടതിനു ദൈവജനമായ നാം ആ സ്വസ്ഥതയിൽ, അതായത് നിത്യഭവനത്തിൽ പ്രവേശിപ്പാൻ ഉത്സാഹമുള്ളവരായിരിക്കണം.

ഇടിക്കണം പേയിൻ കോട്ട നാം ഇടിക്കണം
ജാതിഭേദങ്ങൾ മുടിക്കണം
സ്നേഹത്തിൽ കൊടി പിടിക്കണം
യേശുരാജന്റെ സുവിശേഷകൊടി
ഘോഷത്തോടുയർത്തീടണം.

# വിദ്യാഭ്യാസ സഹായം

പുതിയ സ്കൂൾ വർഷത്തോടനുബന്ധിച്ച് നിർധനരായ 1895 കുട്ടികൾക്ക് നോട്ടുബുക്കുകളും പഠനോപകരണങ്ങളും നമ്മുടെ സഭ വിതരണം ചെയ്തു. 70,964 രൂപ ഇതിനായി വിനിയോഗിച്ചു.

## MM Church Choir
## Outreach programme

